**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2348**
**09.12.2014 ലെ മറുപടിക്ക്**

## ആസ്തി വികസന ഫണ്ടിൽ നിന്നും തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ | | ഉത്തരം. ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2012-2013, 2013-2014, 2014-2015 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിൽ നിന്നും തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഓരോ പ്രവൃത്തികൾക്കായി എന്തു തുക അനുവദിച്ചെന്ന് വിശദമാക്കാമോ ; | തലശ്ശേരി നിയോജക മണ്ഡലത്തിൽ 2012-2013 സാമ്പത്തിക വർഷം എം.എൽ.എയുടെ നിർദ്ദേശപ്രകാരം ഭരണ വകുപ്പ് ശുപാർശയോടെ ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് ധന വകുപ്പിൽ ലഭിച്ച ആകെ 500 ലക്ഷം രൂപ അടങ്കൽ വരുന്ന 5 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2013-2014, 2014-2015 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. ശുപാർശ ചെയ്ത് ഭരണ വകുപ്പിൽ നിന്നും ധനാനുമതിയ്ക്കായി പ്രൊപ്പോസലുകൾ ഒന്നും തന്നെ ലഭിക്കുകയുണ്ടായില്ല. |
| (ബി) | അനുവദിച്ച തുകയനുസരിച്ച് എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വെളിപ്പെടുത്താമോ ? | തലശ്ശേരി നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിൻ കീഴിൽ അനുവദിച്ച പ്രവർത്തികൾ എല്ലാം നിർവ്വഹണത്തിന്റെ പല ഘട്ടങ്ങളിലാണ്. ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസിന്) കീഴിൽ അനുവദിച്ചിട്ടുള്ളതിൽ ചൊക്ലി-പെരിയാണ്ടി സ്കൂൾ-പന്ന്യന്നൂർ-അരയാക്കൂർ-മോകേരി വയൽ റോഡ് എന്ന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു. |

| | | |
|---|---|---|
| (സി) | പൂർത്തീകരിക്കാനുള്ള പ്രവൃത്തികളിൽ കാലതാമസം നേരിടാനുള്ള കാരണങ്ങൾ വിശദമാക്കാമോ ? | പൊതുമരാമത്ത് ബിൽഡിംഗ്സ്സ് കീഴിൽ അനുവദിച്ച പ്രവർത്തികൾ പൂർത്തീകരിക്കുവാൻ സാങ്കേതികാനുമതിയ്ക്കും ടെണ്ടർ നടപടികൾക്കുമുള്ള കാലതാമസമേ ഉണ്ടായിട്ടുള്ളൂ. പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസിന്) കീഴിൽ അനുവദിച്ച പ്രവർത്തികൾ ആരംഭിച്ചെങ്കിലും മഴ കാരണവും എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തേണ്ടതിനാലും യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല |
| (ഡി) | ഓരോ പദ്ധതിയും നടപ്പിലാക്കുന്ന ഏജൻസിയും വകുപ്പുകളും ഏതെന്നും ഓരോന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ ? | തലശ്ശേരി നിയോജക മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ള 2 പ്രവൃത്തികളുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസിനും), 3 പ്രവൃത്തികളുടെ നിർവ്വഹണ ചുമതല, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പുകൾക്കാണ്. പൊതുമരാമത്ത് ബിൽഡിംഗ്സ്സ കീഴിലുള്ള പ്രവർത്തികൾ 2015 മാർച്ചിനുള്ളിലും പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസി)ന് കീഴിലുള്ളവ 2015 മേയ് മാസത്തിനുള്ളിലും പൂർത്തീകരിക്കുവാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| Sl.No. | Name of Work | Estimate (in lakh) | Implementing Department |
|---|---|---|---|
| 1 | Interlocking road at new bus stand AVK Nair road in Thalasseri Muncipality | 100 | PWD (Roads & Bridges) |
| 2 | Construction of a building for PHC at New Mahe in Kannur district | 50 | PWD (Buildings) |
| 3 | Chockli Periyandy School Panniyannur Arayakkol Moderivayal 3rd reach road km 0/000 to 3/000 | 100 | PWD (Roads & Bridges) |
| 4 | Construction of Ayurveda Dispensary at Kadirur in Kannur Dist. | 50 | PWD (Buildings) |
| 5 | Improvements to Thalassery Municipal stadium in Kannur district. | 200 | PWD (Buildings) |

സെക്ഷൻ ഓഫീസർ